**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് — നീര ടെക്നീഷ്യനായി ട്രെയിനിംഗ് ലഭിച്ച് ജോലിയിൽ പ്രവേശിക്കുന്ന ഒരാൾക്ക് ആദ്യത്തെ 2-3 മാസം പ്രതിമാസം 15000/- രൂപ നിരക്കിൽ സ്റ്റൈപൻഡ് ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.1325/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 26.04.2017

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 04.02.2017 ലെ ജെ1-2822/2017 നമ്പർ കത്ത്.

**ഉത്തരവ്**

നീര ടെക്നീഷ്യനായി ട്രെയിനിംഗ് ലഭിച്ച് ജോലിയിൽ പ്രവേശിക്കുന്ന ഒരാൾക്ക് ആദ്യത്തെ 2-3 മാസം പ്രാവീണ്യമില്ലാത്തതിനാൽ വരുമാനക്കുറവ് ഉണ്ടാകുന്നുവെന്നും ഇക്കാരണത്താൽ പലരും ജോലി ഉപേക്ഷിച്ചു പോകുന്നുവെന്നും ആയതിനാൽ ആദ്യത്തെ 2-3 മാസക്കാലത്തേക്ക് നീര ടെക്നീഷ്യൻമാർക്ക് പ്രതിമാസം 15000/- രൂപ നിരക്കിൽ സ്റ്റൈപൻഡ് ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചു.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു നീര ടെക്നീഷ്യനായി ട്രെയിനിംഗ് ലഭിച്ച് ജോലിയിൽ പ്രവേശിക്കുന്ന ഒരാൾക്ക് ആദ്യത്തെ 2-3 മാസം പ്രതിമാസം 15000/- രൂപ നിരക്കിൽ സ്റ്റൈപൻഡ് ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സീനി ജെ. ഷുക്കൂർ**

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), (ആഡിറ്റ്),(എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.